**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6411** **20-03-2023 - ൽ മറുപടിയ്ക്ക്**

**കേന്ദ്ര വനാവകാശ നിയമത്തിലെ പുനരധിവാസ വ്യവസ്ഥകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. സനീഷ്കുമാർ ജോസഫ്** | | **ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | 2006 -ലെ കേന്ദ്ര വനാവകാശ നിയമത്തിലെ വകുപ്പ് 4(2)- ൽ പരാമർശിക്കുന്ന പുനരധിവാസ വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | 2006-ലെ കേന്ദ്ര വനാവകാശ നിയമത്തിലെ വകുപ്പ് 4(2)ൽ പരാമർശിക്കുന്ന പുനരധിവാസ വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു.<br><br>4(2) ദേശീയ പാർക്കുകളിലേയും വന്യമൃഗ സംരക്ഷണ കേന്ദ്രങ്ങളിലെയും സന്ദിഗ്ദ്ധാവസ്ഥയിലുള്ള വന്യജീവി വാസസ്ഥാനങ്ങളിൽ ഈ ആക്റ്റിൻ കീഴിൽ അംഗീകരിച്ചിട്ടുള്ള വനാവകാശങ്ങൾ പിന്നീട് വ്യത്യാസപ്പെടുത്തുകയോ പുനർനിശ്ചയിക്കുകയോ ചെയ്യാവുന്നതും, എന്നാൽ താഴെ പറയുന്ന എല്ലാ ഉപാധികളും ബോദ്ധ്യപ്പെട്ടതായ സംഗതിയിൽ അല്ലാതെ വന്യജീവി സംരക്ഷണത്തിനായി അഭംഗമായ പ്രദേശങ്ങൾക്ക് രൂപം നൽകുന്നതിനായുള്ള ഉദ്ദേശങ്ങൾക്ക് വേണ്ടി യാതൊരു വനാവകാശ കൈവശ ക്കാരെയും പുനരധിവസിപ്പിക്കുന്നതനോ അവരുടെ അവകാശങ്ങളെ ഏതൊരു രീതിയിലും ബാധിക്കുവാനോ പാടില്ലാ ത്തതുമാണ്, അതായത്:-<br><br>(ക) പരിഗണനയിലിരിക്കുന്ന എല്ലാ പ്രദേശങ്ങളിലും 6- വകുപ്പിൽ നിർദ്ദേശിച്ചിട്ടുള്ള അവകാശങ്ങൾ അംഗീകരിക്കലും നിക്ഷിപ്തമാക്കലും പ്രക്രിയ പൂർത്തിയായിരിക്കുകയും;<br><br>(ഖ) 1972ലെ വൈൽഡ് ലൈഫ് (പ്രൊട്ടക്ഷൻ) ആക്റ്റ് (1972-ലെ 53)-ൻ കീഴിലെ അധികാരങ്ങൾ വിനിയോ ഗിച്ചുകൊണ്ട് സംസ്ഥാന സർക്കാരിന്റെ ബന്ധപ്പെട്ട ഏജൻസികൾ, വന്യജീവികളിൻമേൽ അവകാശ കൈവശക്കാരുടെ പ്രവർത്തനങ്ങളും സാന്നിദ്ധ്യം മൂലമുള്ള ആഘാതവും അപരിഹാര്യമായ നാശനഷ്ടത്തിനും, പ്രസ്തുത വംശങ്ങളുടെ നിലനിൽപ്പിനും അവയുടെ വാസസ്ഥാനങ്ങൾക്കു |

| | | | |
|---|---|---|---|
| | | | ഭീഷണിയാകു ന്നതിനും മതിയായ കാരണമാകുമെന്ന് സ്ഥാപിച്ചിരിക്കുകയും;<br><br>(ഗ) സഹവർത്തിത്വം പോലെയുള്ള മറ്റു മതിയായ ഓപ്ഷനുകൾ ലഭ്യമല്ലായെന്ന് സംസ്ഥാന സർക്കാർ തീരുമാനിച്ചിരിക്കുകയും;<br><br>(ഘ) സുരക്ഷിതമായ ജീവിത വൃത്തി, ബാധിക്കപ്പെട്ട വ്യക്തികൾക്കും സമൂഹങ്ങൾക്കും വ്യവസ്ഥ ചെയ്യുന്നതും, കേന്ദ്രസർക്കാരിന്റെ പ്രസക്ത നിയമങ്ങളിലും നയത്തിലും അങ്ങനെയുള്ള ബാധിക്കപ്പെട്ട വ്യക്തികൾക്കും സമൂഹങ്ങൾക്കും നൽകിയിട്ടുള്ള ആവശ്യകതകൾ നിറവേറ്റുന്നതുമായ ഒരു പുനരധിവാസമോ ബദൽ പാക്കേജോ തയ്യാറാക്കുകയും അറിയിച്ചിരിക്കുകയും;<br><br>(ങ) ബന്ധപ്പെട്ട പ്രദേശങ്ങളിലെ ഗ്രാമസഭകളുടെ നിർദ്ദിഷ്ട പുനരധിവാസത്തിനും പാക്കേജിനുമുള്ള നിർബാധമായി എഴുതി അറിയിച്ച സമ്മതം ലഭിച്ചിരിക്കുകയും;<br><br>(ച) വാഗ്ദാനം ചെയ്ത പാക്കേജ് പ്രകാരം പുനരധിവാസ സ്ഥലത്തിൽ സൗകര്യങ്ങളും ഭൂമി വിഭജിച്ചു കൊടുക്കലും പൂർത്തീയാകുന്നതുവരെ യാതൊരു പുനരധിവാസവും നടത്തുവാൻ പാടുള്ളതല്ല. എന്നാൽ, വന്യജീവി സംരക്ഷണത്തിന്റെ ആവശ്യങ്ങൾക്കായി കൈവശാവകാശക്കാരെ അപ്രകാരം സ്ഥലം മാറ്റിയ സന്നിദ്ധാവസ്ഥയിലുള്ള വന്യജീവി വാസസ്ഥാനങ്ങളെ സംസ്ഥാന സർക്കാരിനോ കേന്ദ്ര സർക്കാരിനോ മറ്റേതെങ്കിലും നികായത്തിനോ അനന്തരം മറ്റ് ആവശ്യങ്ങൾക്കായി വ്യതിചലിപ്പിക്കാൻ പാടുള്ളതല്ല. |
| (ബി) | കേരളത്തിലെ ട്രൈബൽ സെറ്റിൽമെന്റുകളിൽ നിന്ന് പുനരധിവാസം നടത്തുമ്പോൾ മേൽപ്പറഞ്ഞ പുനരധിവാസ വ്യവസ്ഥകൾ പാലിക്കുന്നുണ്ടോ; ഇതിനായി എന്തെല്ലാം ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | ട്രൈബൽ സെറ്റിൽമെന്റുകൾക്കായുള്ള പുനരധിവാസ പദ്ധതി കേരളത്തിൽ നിലവിൽ നടപ്പാക്കുന്നില്ല. എന്നാൽ വയനാട് വന്യജീവി സങ്കേതത്തിൽ മുൻപ് നടപ്പിലാക്കിയ സ്വയം സന്നദ്ധ പുനരധിവാസ പദ്ധതിയിൻ കീഴിൽ സ്വയം സന്നദ്ധരായ ട്രൈബൽസും ഉൾപ്പെട്ടിരുന്നു. ടി പദ്ധിതി പ്രകാരമുള്ള നിർദേശങ്ങളിൽ താഴെ പറയുന്ന രണ്ടു ഓപ്ഷനുകളാണ് ഉള്ളത്.<br><br>1. വനം വകുപ്പിന്റെ മറ്റ് പുനരധിവാസ പദ്ധതികൾ സ്വീകരിക്കാതെ ഒരു കുടുംബത്തിന് 10 ലക്ഷം രൂപ കൈപ്പറ്റി വന്യജീവി സങ്കേതം/ടൈഗർ റിസർവ്വിൽ നിന്ന് ഒഴിഞ്ഞ് പോവുക. |

2.വന്യജീവിസങ്കേതം/ടൈഗർ റിസർവ്വിൽ താമസിക്കുന്ന കുടുംബങ്ങളെ വനം വകുപ്പ് പുനരധിവസിപ്പിക്കുക. ഈ ഓപ്ഷനിൽ താഴെ പറയും പ്രകാരം പുനരധിവാസ സ്ഥലത്ത് നടപ്പിലാക്കു ന്നതാണ്.

1. കൃഷി ഭൂമി വാങ്ങുന്നതിനും, വികസനത്തിനും (2 ഹെക്ടർ) - മൊത്തം പാക്കേജിന്റെ 35%.

2. സെറ്റിൽമെൻറ് ഓഫ് റൈറ്റ്സ് - മൊത്തം പാക്കേജിന്റെ 30%.

3. ഗൃഹ നിർമ്മാണത്തിന് - മൊത്തം പാക്കേജിന്റെ 20%.

4. ഇൻസെൻറീവ് - മൊത്തം പാക്കേജിന്റെ 5%.

5. അടിസ്ഥാന സൗകര്യങ്ങൾക്ക് (റോഡ്, കുടിവെള്ളം, ജലസേചനം എന്നിവക്ക് - മൊത്തം പാക്കേജിന്റെ 10%.

വയനാട് വന്യജീവി സങ്കേതത്തിൽ ടി സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി താഴെ പറയുന്ന പ്രകാരമാണ് നടപ്പിലാക്കിയത്. ജില്ലാ ഇംപ്ലിമെന്റിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ സ്വയം സന്നദ്ധരായവരിൽ നിന്നും അപേക്ഷ സ്വീകരിക്കുന്നതിനു വേണ്ടി തീരുമാനിക്കുകയും ബന്ധപ്പെട്ട സെറ്റിൽമെന്റിലെ അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡൻ അപേക്ഷ സ്വീകരിക്കുകയും ആയത് പരിശോധിച്ച് പുനരധിവാസ മാനദണ്ഡ പ്രകാരം അർഹമായ അപേക്ഷകൾ വൈൽഡ് ലൈഫ് വാർഡന് സമർപ്പിക്കുകയും ചെയ്യുന്നു. ടി അപേക്ഷകൾ ജില്ലാ കളക്ടർ ചെയർമാനായ ജില്ലാ ഇംപ്ലിമെൻറിംഗ് കമ്മിറ്റി മുമ്പാകെ അംഗീകാരത്തിനായി സമർപ്പിക്കുന്നു. ജില്ലാ ഇംപ്ലീമെൻറിംഗ് കമ്മിറ്റി ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ചേർന്ന ടി അപേക്ഷകൾ പരിശോധിച്ച് ടി അപേക്ഷകൾക്ക് അംഗീകാരം നൽകുന്നു. ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറി, വാർഡ് മെമ്പർ, എം.എൽ.എ., റ്റി.ഡി.ഒ, റ്റി.ഒ., എൻ.ജി.ഒ. തുടങ്ങിയവരാണ് ജില്ലാ ഇംപ്ലീമെൻറിംഗ് കമ്മിറ്റിയിൽ അംഗങ്ങളായിട്ടുള്ളത്. തുടർന്ന് അംഗീകരിച്ച ഗുണഭോക്താക്കൾക്ക് ആദ്യ ഗഡുവായ 6 ലക്ഷം രൂപ നൽകുന്നതിന് ജില്ലാ ഇംപ്ലിമെന്റിംഗ് കമ്മിറ്റി തീരുമാനിക്കുന്നു. തുടർന്ന് കരാർ പ്രകാരം നിശ്ചിത കാലയളവിനുള്ളിൽ ഗുണഭോക്താക്കളുടെ സ്ഥാവര-ജംഗമ വസ്തുക്കൾ ഗുണഭോക്തക്കൾ മാറ്റുകയും ഭൂമി വനം വകുപ്പ്

| | | | |
|---|---|---|---|
| | | | മഹസ്സർ പ്രകാരം ഏറ്റെടുക്കുകയും ചെയ്യുന്നു. തുടർന്ന് രണ്ടാം ഗഡുവായ നാല് ലക്ഷം രൂപ അനുവദിക്കുന്നതിന് വൈൽഡ് ലൈഫ് വാർഡൻ ജില്ലാ ഇംപ്ലിമെന്റിംഗ് കമ്മിറ്റിയ്ക്ക് ശുപാർശ ചെയ്യുന്നു. |
| (സി) | വനാവകാശ നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി പുനരധിവാസം നടത്തുന്നതിലൂടെ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ അവകാശങ്ങൾ നിഷേധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ പ്രവണത അവസാനിപ്പിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | ട്രൈബൽ സെറ്റിൽമെന്റുകൾക്കായുള്ള പുനരധിവാസ പദ്ധതി കേരളത്തിൽ നിലവിൽ നടപ്പാക്കുന്നില്ല. |

സെക്ഷൻ ഓഫീസർ